# രാഷ്ട്രീയ കക്ഷികൾ വേണ്ടത്ര താല്പര്യമെടുക്കുന്നില്ല

**ഓംജി ജോൺ** (സാംസ്കാരിക പ്രവർത്തകൻ)

## പ്ലാച്ചിമട സമരം : വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

കേരളത്തിലെ വികസനം, പരിസ്ഥിതി, സ്ത്രീ-ദളിത് നീതി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ 1998 മുതൽ സജീവമായി ഇടപെടുന്ന പ്രസിദ്ധീകരണമാണ് കേരളീയം. വികസന ചർച്ചയിലെ സജീവ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കകോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ, ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി അഭിപ്രായങ്ങൾ കഴിഞ്ഞ ഏപ്രിൽ ലക്കം മുതൽ കേരളീയത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. താങ്കളുടെ പ്രതികരണം/മറുപടി എത്രയും വേഗം എത്തിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

### കേരളീയം - പ്ലാച്ചിമട ചോദ്യാവലി - 2006

1. കേരളത്തിലെ ഭരണ-പ്രതിപക്ഷ കക്ഷികൾ മുഴുവൻ പ്ലാച്ചിമട സമരത്തെ പിന്തുണച്ചിട്ടും പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാത്തത് എന്തുകൊണ്ടാണ്?
2. മൂലധനശക്തികൾ ലാഭവർദ്ധനവിന് വേണ്ടി പ്ലാച്ചിമടയിലെ സാമാന്യ ജനങ്ങളുടെ ജീവനോപാധികൾ കയ്യേറ്റം ചെയ്യുന്നതാണല്ലോ (ജലമലിനീകരണം, അമിതജലചൂഷണം, തുടങ്ങിയവ) പ്ലാച്ചിമട പ്രശ്നം. പ്ലാച്ചിമടകൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള നടപടികൾ എന്തായിരിക്കണം ?
3. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനി മൂലം പരിസരമലിനീകരണമുണ്ടായിട്ടുണ്ട് എന്ന് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയും കേരള മലിനീകരണ നിയന്ത്രണ ബോർഡും ഒക്കെ കണ്ടെത്തിയിട്ടുണ്ടല്ലോ. പരിസര മലിനീകരണമുണ്ടാക്കിയ കൊക്കക്കോളയ്ക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് ?
4. നഷ്ടപരിഹാരം നൽകി കമ്പനി അടച്ചുപൂട്ടുക എന്നതായിരുന്നു പ്ലാച്ചിമട കൊക്കക്കോള വിരുദ്ധ സമരസമിതിയുടെ മുഖ്യ ആവശ്യം. എന്നാൽ പ്ലാച്ചിമടയിൽനിന്ന് പാലക്കാട് ജില്ലയിലെ പുതുശ്ശേരി/കഞ്ചിക്കോടിലേക്ക് കമ്പനി മാറ്റാൻ സർക്കാരും കമ്പനിയും ശ്രമം തുടങ്ങിയിട്ടുണ്ട്. പ്ലാച്ചിമടയുടെ ആവർത്തനമായിരിക്കും ഇവിടെയും സംഭവിക്കുക എന്ന സ്ഥിതിയിൽ കമ്പനിയുടെ സ്ഥലംമാറ്റത്തെക്കുറിച്ച് താങ്കളുടെ നിലപാടെന്ത് ?
5. അധികാര വികേന്ദ്രീകരണത്തേയും പഞ്ചായത്തീരാജ് സംവിധാനങ്ങളേയും എല്ലാ രാഷ്ട്രീയ കക്ഷികളും സ്വാഗതം ചെയ്യുന്നു. എന്നാൽ പ്ലാച്ചിമട കാര്യത്തിൽ പെരുമാട്ടി പഞ്ചായത്ത് അധികാരത്തിനായി സുപ്രീം കോടതിയിൽ കേസിലാണ്. പ്രാദേശിക വിഭവങ്ങൾക്കുമേൽ തദ്ദേശീയർക്കുള്ള അവകാശങ്ങൾ സർക്കാരുകൾ നൽകാതിരിക്കുന്നത് ശരിയാണോ ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ അധികാരമുണ്ടോ ? ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിലുന്നയിക്കുമോ ?1
6. പുതിയ ഇടതുപക്ഷ സർക്കാർ അധികാരത്തിലെത്തിയ സ്ഥിതിയിൽ പ്ലാച്ചിമട സമരത്തിന്റെ വിജയത്തിനായി/പ്രശ്ന പരിഹാരത്തിനായി പ്രവർത്തന പരിപാടികൾ/പദ്ധതികളെന്തെല്ലാം?

1. രാഷ്ട്രീയ കക്ഷികൾ ജനപക്ഷത്ത് നിൽക്കുന്നവരല്ല. അധികാരവും സമ്പത്തുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു പ്രത്യേക വർഗ്ഗമാണ് അവ. പക്ഷേ, പ്ലാച്ചിമടയിലേത് ജനങ്ങളുടെ അതിജീവനത്തിന്റെ പ്രശ്നമാണ്. രാഷ്ട്രീയ കക്ഷികൾക്ക് അതിൽ വലിയ താല്പര്യമില്ല.

2. ഒരു പ്രദേശത്തിന് ആവശ്യമായ മൂലധന നിക്ഷേപം എന്താവണമെന്ന് തീരുമാനിക്കേണ്ടത് ആ പ്രദേശത്തെ ജനങ്ങളാണ്. സ്റ്റേറ്റോ, കുത്തക കമ്പനികളോ ഇതിൽ ഇടപെടുമ്പോൾ പ്രാദേശിക ഭരണകൂടത്തിന് അതിനെ ചെറുക്കാൻ കഴിയണം. പ്രാദേശിക ജനകീയ ഭരണ സംവിധാനത്തെ കോടതികൾ മാനിക്കണം.

3. കുത്തക കമ്പനികൾക്ക് ഒരു സ്റ്റേറ്റിനെത്തന്നെ വിലയ്ക്കെടുക്കാൻ കഴിയുമെന്ന് മറക്കാതിരിക്കുക. ജനകീയ പ്രതിരോധത്തിലൂടെ മാത്രമേ ഇതിനെ ചെറുക്കാൻ കഴിയുകയുള്ളൂ.

4. ഭൂഗർഭ ജലം ഊറ്റിക്കുടിക്കുന്ന ഈ കമ്പനി കേരളത്തിൽ ഒരിടത്തും സ്ഥാപിക്കരുത് എന്നാണ് എന്റെ അഭിപ്രായം. എന്ത് കുടിക്കണമെന്ന് ജനങ്ങളാണ് തീരുമാനിക്കേണ്ടത്.

5. വിഭവങ്ങൾക്ക് മേലുള്ള അവകാശം ജനങ്ങൾക്ക് തന്നെയാണ്. ഡെമോക്രസിയുടെ ശരിയായ അർത്ഥം അതാണ്. അതുകൊണ്ട് തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭവങ്ങളുടെ മേൽ പൂർണ നിയന്ത്രണം ഉണ്ടാകണം. കോടതികൾ ജനകീയ ഭരണ സംവിധാനങ്ങളെ വില കുറച്ച് കാണരുത്.

*മലാപറമ്പ, കോഴിക്കോട്*

# സർവ്വരും എതിർക്കണം; സമ്മർദ്ദമുണ്ടാകണം

**ഫാ. തോമസ് കോച്ചേരി**

(വേൾഡ് ഫിഷ് വർക്കേഴ്സ് ഫോറം/എൻ.എ.പി.എം. നേതാവ്)

1. ഇടതുപക്ഷവും വി.എസ്സും പിന്തുണച്ചു. അവർ ഇപ്പോൾ അധികാരത്തിൽ വന്നിരിയ്ക്കുകയാണ്. അവർ അത് പരിഗണിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

2. ശക്തമായ സമ്മർദ്ദം പ്ലാച്ചിമടയിലും ഉണ്ടാകണം. പുറത്തുനിന്നും സമ്മർദ്ദം ഉണ്ടാകണം.

3. ആർക്കു വേണമെങ്കിലും കോടതികളിൽ കേസുകൾ കൊടുക്കാവുന്നതാണ്.

4. സ്ഥലം മാറ്റം കേരളത്തിൽ നടക്കുകയാണെങ്കിൽ സർവ്വരും എതിർക്കണം. പുതുശ്ശേരിയിലേക്കാണെങ്കിൽ അവിടെ എതിർപ്പുകൾ ഉണ്ടാക്കുവാൻ നമ്മൾ പരിശ്രമിക്കണം.

5. അധികാര വികേന്ദ്രീകരണം ഇടതുപക്ഷത്തിന്റെ മുദ്രാവാക്യമാണ്. സർവ്വശക്തിയും ഉപയോഗിച്ച് അതിനു വേണ്ടി പ്രചരണം നടത്തണം. സമ്മർദ്ദം ചെലുത്തണം.

6. സർവ്വ സമ്മർദ്ദ തന്ത്രങ്ങളും ഉപയോഗിക്കണം. അത് എൻഎപിഎംൽ അവതരിപ്പിക്കുന്നതാണ്.

*48, Vayakarai, Manvalakurichy P.O., K.K. Dt., TN.*

## ഇടപെടൽ ഫലപ്രദമല്ല; ഒന്നായി ചേരണം

### റോസ്മേരി (കവയിത്രി)

1. ഭരണ പ്രതിപക്ഷ കക്ഷികളുടെ ഇടപെടൽ വേണ്ടത്ര ഫലപ്രദമായിരുന്നില്ല. കുറേക്കൂടി ഗൗരവതരമായ ഫോക്കസ്ഡ് ആയ സമ്മർദ്ദ പ്രയോഗമാണ് ആവശ്യം.

2. ജലചൂഷണം അന്തരീക്ഷ മലിനീകരണം എന്നിവയ്ക്കു സാദ്ധ്യതയുള്ള ഫാക്ടറികൾ ഒഴിവാക്കുക. അഥവാ ജനങ്ങൾക്കു തൊഴിൽ അവസരം വമ്പിച്ചതോതിൽ ലഭ്യമാകുന്നു എന്നൊരു പ്രസക്തമായ വശമുണ്ടെങ്കിൽ ഇത്തരം കമ്പനികൾ ജനവാസം തീരെ കുറഞ്ഞ ഇടങ്ങളിൽ സ്ഥാപിക്കുക. ഫാക്ടറികളുടെ മലനീകരണ പ്ലാന്റുകൾ പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചവിധം തന്നെ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

3. അത്തരം കോർപ്പറേറ്റ് വൻകിടക്കാർക്കെതിരെ നിലപാടെടുക്കുവാൻ വേണ്ട ധാർമ്മികവും അധീശത്വവും ജനങ്ങളുടെ ക്ഷേമമാണ് അന്തിമ ലക്ഷ്യമെന്ന ബോദ്ധ്യവും അധികാരികൾക്കും law implementing authorities നും ഇല്ലാത്തതുകൊണ്ട്.

4. പുതുശ്ശേരി-കഞ്ചിക്കോട് പ്രദേശത്തെ ജനവാസ സാന്ദ്രത പരിശോധിക്കേണ്ടതുണ്ട്. ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുമെങ്കിൽ ഒരിക്കലും സ്ഥാപിക്കാൻ ഇടയുണ്ടാവരുത്.

5. ഒരിയ്ക്കലും ശരിയല്ല. ഇത്തരം അധികാരങ്ങളുടെ വ്യാപ്തി, പരിധി, ഇവയെക്കുറിച്ച് വ്യക്തമായ നിലപാടുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം. അവ നടപ്പാക്കുമ്പോൾ തക്കവിധം നിയമനിർമ്മാണം അഴിച്ചു പണിയണം. അമെന്റ് ചെയ്യണം. തെരഞ്ഞെടുപ്പിൽ എന്ത് ഉന്നയിക്കുന്നു എന്നതിന് വലിയ പ്രസക്തിയില്ല, കാരണം അവയൊന്നും കല്ലിൽ കൊത്തിയ നിയമങ്ങൾപോലെ ഉറപ്പുള്ളവയല്ലല്ലോ. കാറ്റിൽ പറന്നുപോകുന്ന കേവല വാക്കുകൾ മാത്രമായ് ഭവിയ്ക്കുന്നവയാണല്ലോ.

ശക്തവും ഏകാഗ്രത നിറഞ്ഞ സമീപനവും ഉള്ള ഒരു നേതൃത്വനിരയുടെ അഭാവമാണ് കേരളത്തിലെ പാരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്ന പ്രധാന പോരായ്മ. സ്ഥിരമായ് പോരാടുന്ന തികച്ചും നിഷ്പക്ഷ സമീപനമുള്ള നിർഭയരായ ഇച്ഛാശക്തിയുള്ള ഒരു കൂട്ടം ആളുകൾ ഒരുമിച്ച് ചേർന്ന് ഇത്തരം സമരങ്ങൾക്ക് നേതൃത്വം നൽകുമെങ്കിൽ പ്രക്ഷോഭങ്ങൾ കുറെക്കൂടി ശ്രദ്ധേയമാവുമായിരുന്നു. സുന്ദർലാൽ ബഹുഗുണ മേധാപട്കർ, വന്ദനാ ശിവ തുടങ്ങിയവരെപ്പോലെ തികച്ചും നിസ്വാർത്ഥരായ നേതാക്കളുടെ അഭാവം നമുക്കുണ്ട്.

പരിസ്ഥിതി, ജലചൂഷണം തുടങ്ങിയവയെക്കുറിച്ച് അവബോധമുള്ള ഏറെപ്പേരുണ്ട്. ചൂഷണങ്ങൾക്കെതിരെ പോരാടുന്ന വ്യക്തികളുമുണ്ട്. പക്ഷേ അവ ഒറ്റപ്പെട്ട ശബ്ദങ്ങളായ്ത്തീരുന്നു. ചിതറിക്കിടക്കുന്ന ഈ പ്രതിരോധങ്ങൾ ഒന്നായ്ച്ചേർന്നെങ്കിൽ അതൊരു കരുത്തുറ്റ ജ്വാലയായ് കത്തിപ്പടർന്നേനെ.

*പ്ലോട്ട് നമ്പർ : 115, പി.ടി.പി. നഗർ, തിരുവനന്തപുരം-38*

## ചൂഷണവും കയ്യേറ്റവും ആഗോളപ്രതിഭാസമത്രേ

### കെ. വിജയചന്ദ്രൻ

(വ്യവസായ വിദഗ്ദ്ധൻ, കൊക്കകോള സ്ഥാപിച്ച സമയത്തെ നായനാർ സർക്കാരിലെ വ്യവസായവകുപ്പ് പ്രത്യേക ഉപദേഷ്ടാവ്/സെക്രട്ടറി)

1. പ്ലാച്ചിമട പ്രശ്നം കൃത്യമായി നിർവ്വചിക്കാൻ സമരം നയിച്ചവർക്കോ അതിന്റെ പിന്നിൽ അണിനിരന്നവർക്കോ കഴിഞ്ഞിരുന്നില്ല. രാഷ്ട്രീയ പാർട്ടികളുടെ പിന്തുണ കേവലം വോട്ടു നഷ്ടപ്പെടാതിരിക്കാനുള്ള അവസരവാദ സമീപനവുമായിരുന്നു.

2. മൂലധനത്തിന്റെ ചൂഷണവും കയ്യേറ്റവും പ്ലാച്ചിമടയുടെ മാത്രം കാര്യമല്ല. അതു ആഗോള പ്രതിഭാസമത്രേ.

3. അവസരവാദ രാഷ്ട്രീയമാണു കോടതിയേയും കമ്മിറ്റികളേയും മലിനീകരണ നിയന്ത്രണ ബോർഡിനേയും എല്ലാ നിയന്ത്രിക്കുന്നതും

4. പ്ലാച്ചിമട സമരം ഒരു പ്രാദേശിക സമരം മാത്രമായിരുന്നു. അതിനു ആഗോള ലക്ഷ്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല.

5. പരിമിതികൾ ഏറെ ഉണ്ടായിരുന്നെങ്കിലും പ്ലാച്ചിമട സമരത്തെ പരാജയമായി കരുതുന്നതു ശരിയല്ല. ഈവിധ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ പഞ്ചായത്തു ഭരണം നിർബന്ധിക്കപ്പെട്ടു. പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പഞ്ചായത്തു, ജില്ല, സംസ്ഥാന തലങ്ങളിലുള്ള ഭരണപരമായ പ്രാപ്തിക്കുറവു വെളിവാക്കപ്പെട്ടു. അടിസ്ഥാനപരമായ ഈ ന്യൂനതകൾ പരിഹരിച്ചാൽ മാത്രമേ നമ്മുടെ സമൂഹത്തിനു പരിസ്ഥിതി പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കഴിയൂ.

*35/194, ഓട്ടോമൊബൈൽ റോഡ്, കൊച്ചി-25*

## ആവശ്യമുണ്ട്

### പ്ലാച്ചിമട കൊക്കകോള മൂലമുണ്ടായ

## സാമൂഹികനഷ്ടം

### ജനകീയ പഠനം

പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിമൂലം ദുരിതമനുഭവിക്കുന്ന സമരപ്രവർത്തകർക്ക് കൃഷി, ആരോഗ്യം, തൊഴിൽ/അദ്ധ്വാനം തുടങ്ങിയ മേഖലകളിലും അനേക നഷ്ടങ്ങളുണ്ടായിട്ടുണ്ട്. കുടിവെള്ള മലിനീകരണവും മറ്റുംമൂലം യാതനകൾ തുടരുകയാണ്. സാമൂഹിക നഷ്ടം കണക്കാക്കാനുള്ള പഠനപരിപാടികൾ പ്ലാച്ചിമട പഠനസമിതി തുടങ്ങിവെച്ചിട്ടുണ്ട്. പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരസമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും പഠനവിഭാഗമായ പഠനസമിതി ഈ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക പഠനത്തിലേക്ക് താങ്കളുടെ പിന്തുണ പ്രതീക്ഷിക്കുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക.

**കൺവീനർ, പ്ലാച്ചിമട പഠനസമിതി,**
**പി.ബി. നമ്പർ-100, തൃശൂർ-1**

### അടുത്ത ലക്കങ്ങളിൽ തുടരുന്നു

സി. രവീന്ദ്രനാഥ് എം.എൽ.എ., ഡോ. എം.പി. പരമേശ്വരൻ, സി. ശരത്ചന്ദ്രൻ, ഡോ. എം.കെ. പ്രസാദ്.......... തുടങ്ങിയവർ എഴുതുന്നു.